(ബി) 2 കോടി രൂപയാണ് ഈ പദ്ധതിക്കായി ആകെ ചെലവഴിച്ചത്. മലബാർ മിൽമയുടെ അംഗീകൃത ക്ഷീര സംഘങ്ങളിലെ അംഗങ്ങളും സ്വയം തൊഴിൽ ചെയ്യാൻ സന്നദ്ധരുമായ പട്ടികജാതിക്കാരായ ഗ്രാമീണയുവതീ യുവാക്കളെയാണ് ഈ പദ്ധതി പ്രകാരം ഗുണഭോക്താക്കളായി തെരഞ്ഞെടുത്തത്. ഗുണഭോക്താക്കൾ 5000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയും 3876-രൂപ ഗുണഭോക്തൃ വിഹിതമായും അടയ്ക്കേണ്ടതുണ്ട്.

(സി) 2,00,000 രൂപയുടെ ആനുകൂല്യം ലഭിച്ചു.

(ഡി) ഉണ്ട്. 100 കാനോപി വിതരണം ചെയ്തതിൽ കോഴിക്കോട്, വയനാട് ജില്ലകളിലെ ഓരോ യൂണിറ്റ് ഒഴികെ എല്ലാ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു :

പാലക്കാട്	-	39
മലപ്പുറം	-	26
കോഴിക്കോട്	-	17
വയനാട്	-	2
കണ്ണൂർ	-	8
കാസർഗോഡ്	-	6
ആകെ	-	98

വിവിധ ജില്ലകളിലെ യൂണിറ്റുകളുടെ പേരും വിലാസവും അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

4(4162) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തെല്ലാമാണ് ; ഇതിലേക്കായി എത്ര രൂപ വകയിരുത്തി ; ആയതിൽ എത്ര ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) പട്ടികജാതി ക്ഷേമത്തിനായുള്ള 2012-13 വർഷത്തെ പ്ലാൻ ഫണ്ടിന്റെ വിശദ വിവരം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടികജാതി ക്ഷേമത്തിനായി നടപ്പിലാക്കിയ പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

പദ്ധതി	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)
(1)	(2)	(3)
സ്വയം പര്യാപ്ത ആവാസ കേന്ദ്രം	2829.77703	2829.77703
സൈക്കിൾ വിതരണ പദ്ധതി (വിദ്യായാത്രാ പദ്ധതി)	1521.00	1514.64
ലാപ്ടോപ്പ് വിതരണ പദ്ധതി	1387.50	1125 ലക്ഷം
ടോയ്ലറ്റ് പദ്ധതി	6250	4155.00
സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം	220	6-6-2012-ലെ സ.ഉ(സാധാ) 826/ 12/ പജപവവിവ നമ്പർ ഉത്തരവു പ്രകാരം പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഐ.റ്റി.ഐ. കളിൽ 6 മാസ ദൈർഘ്യമുള്ള കോഴ്സുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. എന്നാൽ വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ.-കളിൽ നിലവിലുള്ള ട്രേഡുകളിൽ പരിശീലനം നൽകാനുള്ള സൗകര്യം മാത്രമേ നിലവിലുള്ളൂ എന്നതിനാലും, വിദ്യാർത്ഥികളെ ലഭിക്കാനുള്ള ബുദ്ധിമുട്ടും കാരണം പദ്ധതി ഇതുവരെ നടപ്പിലാക്കാൻ സാധിച്ചില്ല.
വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്	194.70	194.70
സർഗ്ഗോത്സവം (സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ധനസഹായം)	19.00	19.00

(1)	(2)	(3)
വിഷൻ - 2013	339.70	100.97
9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് പദ്ധതി	അധികകേന്ദ്ര ധനസഹായം- 1984.19 സംസ്ഥാന വിഹിതം 456.1825	1.0285
വിജ്ഞാൻവാടി	ഒരു വിജ്ഞാൻ വാടി സ്ഥാപിക്കുന്നതിന് 1.50 ലക്ഷം രൂപ ക്രമത്തിൽ 70 എണ്ണത്തിനായി 105 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. വിജ്ഞാൻവാടിയുടെ രണ്ടാം ഘട്ടത്തിൽ കെട്ടിടനിർമ്മാണത്തിനായി ഒരു വിജ്ഞാൻവാടിക്ക് 5 ലക്ഷം രൂപ ക്രമത്തിൽ 50 കോടി രൂപ കെ.പി.എച്ച്.സി.സി-യ്ക്ക് കൈമാറി നൽകിയിട്ടുണ്ട്.	165.66
പ്രീമെട്രിക് ഹോസ്റ്റലിലെ ലൈബ്രറി നവീകരണം	99.00	62,95,564

(ബി) അനുബന്ധമായി ചേർക്കുന്നു.*

സംസ്ഥാനത്തെ പട്ടികജാതി കോളനികളെ സംബന്ധിച്ച് പഠനം

5(5573) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികജാതി കോളനികളെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും പട്ടികജാതി വികസന വകുപ്പും കിലയും സംയുക്തമായി പഠനം നടത്തിയിട്ടുണ്ടോ ; പ്രസ്തുത പഠനത്തിൽ കണ്ടെത്തിയ കാര്യങ്ങൾ/നിഗമനങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ; പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly